## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4538

04.2.2014- ൽ
മറുപടിക്ക്

## കയർമേഖലയുടെ ആധുനികവത്ക്കരണവും തൊഴിലാളികളുടെ ജീവിത നിലവാരവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്:<br>,, തോമസ് ഉണ്ണിയാടൻ:<br>,, റ്റി.യു. കുരുവിള:<br>,, സി.എഫ്.തോമസ്: | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആധുനികവത്ക്കരണം നടപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ)കയർ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനും സ്വീകരിച്ചു വരുന്ന ചില പ്രധാന നടപടികൾ ചുവടെ കൊടുക്കുന്നു.<br><br>❖ കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധന ഗ്രാന്റിന്റെ പരിധി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്ക് 7.50 ലക്ഷം രൂപയിൽ നിന്നും 10.00 ലക്ഷം രൂപയായും മറ്റു സംഘങ്ങൾക്ക് 5.00 ലക്ഷം രൂപയിൽ നിന്നും 7.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു. 2011-12-ൽ 388 കയർ - സഹകരണ സംഘങ്ങൾക്ക് 9,54,73,406/- രൂപയും, 2012-13 ൽ 446 സംഘങ്ങൾക്ക് 9,04,47,648/- രൂപയും, 2013-14 ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനമായി അനുവദിച്ചു.<br><br>❖ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം 2011-12 വർഷം 1,27,50,175 രൂപ 54 സംഘങ്ങൾക്കും, 2012-13 വർഷം 2,07,59,149/- രൂപ 58 സംഘങ്ങൾക്കും, 2013-14 വർഷം 9,73,27,903/- രൂപ 127 |

| | |
|---|---|
| | സംഘങ്ങൾക്കും അനുവദിച്ചു.<br>❖ കയർ പിരി മേഖലയിലെ കുറഞ്ഞ കൂലി 260/- രൂ പയായും. ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360/- രൂ പയായും വർദ്ധിപ്പിച്ചു.<br>❖ കയർ പിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പ ദ്ധതി നടപ്പിലാക്കി വരുന്നു.<br>❖ സബ്സിഡി നിരക്കിൽ സ ംഘങ്ങൾക്ക് ചകിരി നൽകുന്നതിനായി നടപടികൾ സ ്വീകരിച്ചു.<br>❖ ക്രയവില സ്ഥിരതാ പ ദ്ധതി നടപ്പാക്കാൻ 2012-13 വർഷം കേരള സ്റ്റേറ്റ് കയർ കോർപ്പ റേഷന് 18.396 കോടി രൂ പ അ നുവദിച്ചു.<br>❖ കയർ സ ംഭരണത്തിനായി 2012-13 വർഷം കയർഫെഡിന് ്പ്ര വർത്തന മൂലധനമായി 5 കോടി രൂ പ അ നുവദിച്ചു.<br>❖ തൊണ്ട് സ ംഭരണം ശക്തമാക്കുവാൻ കയർ പിരി സ ംഘങ്ങൾക്ക് 1,00,000/- രൂ പ വരെ റിവോൾവിംഗ് ഫണ്ട് നൽകിയും പ ച്ചത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് 7.5 പൈസയിൽ നിന്നും 10 പൈസയായി വർദ്ധിപ്പിച്ചും, തൊ ണ്ടു സംഭരിക്കുന്ന അംഗത്തിന് നൽകിയിരുന്ന പ്രതിദിനബത്ത 100/- രൂപയിൽ നിന്നും 150/- രൂപയായി വർദ്ധിപ്പിച്ചും തൊണ്ട് സ ംഭരണ പ ദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>❖ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, കയർ മേഖലയിലെ സഹകരണ സംഘങ്ങൾ ഇവയ്ക്ക് പ്രോജക്ട് അധിഷ്ഠിത സഹായം നൽകി ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചു.<br>❖ തൊഴിലാളികളുടെ അധ്വാന ഭാരം ലഘൂകരിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യ മിട്ടുകൊണ്ട് ,വിവിധ ഇനം കയർ പിരിക്കാവുന്ന, ഉല്പാദനക്ഷമത കൂടിയ, ആധുനികതരം ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ |

| | |
|---|---|
| | വികസിപ്പിച്ചു വരുന്നു.<br>❖ പച്ചതൊണ്ടും ഉണക്കത്തൊണ്ടും ചകിരിയാക്കാൻ കഴിയുന്ന ക്രഷർ സംവിധാനമുള്ള ആധുനിക ഡീഫൈബറിംഗ് മെഷിൻ NCRMI കയർ മേഖലയ്ക്ക് സമർപ്പിച്ചു.<br>❖ കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു ആധുനിക പി.വി.സി. ടഫ്റ്റഡ് യൂണിറ്റ് ഉൾപ്പെടെയുള്ള സംയോജിത ഫാക്ടറി സ്ഥാപിക്കാൻ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>❖ ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ഒരു കയർ കോംപസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.<br>❖ കയർ മേഖലയിലെ എല്ലാത്തരം മെഷീനറികളും നിർമ്മിക്കാനുതകുന്ന കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ ഉടൻ പ്രവർത്തനം ആരംഭിക്കും. |
| (ബി) കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും കുടിവെള്ളമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂലി വർദ്ധിപ്പിച്ച് കൂലിയുടെ ഒരു വിഹിതം സർക്കാർ നൽകുന്നു. ടോയ്‌ലറ്റ് സൗകര്യങ്ങൾ, കുടിവെള്ളം ലഭിക്കാനുള്ള മറ്റു സൗകര്യങ്ങൾ എന്നിവ കയർ സഹകരണ സംഘങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ